# പതിമൂന്നാം കേരളനിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6219 08.07.2014 ൽ മറുപടിക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം

| | ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് : | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്കും മരണപ്പെട്ട രോഗികളുടെ ആശ്രിതർക്കും എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കിടപ്പിലായവർക്കും കിടപ്പിലല്ലായെങ്കിലും ദിനചര്യകൾക്ക് പരസഹായം ആവശ്യമുള്ളവർക്കും 2000 രൂപ വീതവും മറ്റു രോഗികൾക്ക് 1000 രൂപ വീതവും പ്രതിമാസം പെൻഷൻ നൽകി വരുന്നു. പ്രസ്തുത തുകയിൽ 200 രൂപ വർദ്ധന വരുത്തുന്നതിന് ഇപ്പോൾ തീരുമാനമായിട്ടുണ്ട്.<br>2. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം പ്രൈമറി ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് 2000 രൂപവീതവും സെക്കന്ററി ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് 3000 രൂപ വീതവും ഹയർ സെക്കന്ററി ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് 4000 രൂപ വീതവും വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ നൽകി വരുന്നു.<br>3. എൻഡോസൾഫാൻ ദുരിതം മൂലം കിടപ്പിലായ രോഗികളെ പരിചരിക്കുന്ന കുടുംബാംഗങ്ങൾക്ക് സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതി പ്രകാരം 700 രൂപ വീതം പ്രതിമാസ ധനസഹായവും നൽകി വരുന്നു.<br>4. എൻഡോസൾഫാൻ ദുരിതബാധിതർക്ക് മംഗലാപുരം കെ.എം.സി., യേനപ്പോയ മെഡിക്കൽ കോളേജ് ആശുപത്രി അടക്കം 18 സ്പെഷ്യാലിറ്റി ആശുപത്രികളിൽ പൂർണ്ണമായ സൗജന്യ ചികിത്സ നൽകി വരുന്നു. ഇതിനായി ആശുപത്രികൾ ലഭ്യമാക്കുന്ന ചികിത്സ ബില്ലുകൾക്ക് ജില്ല മെഡിക്കൽ ഓഫീസർ വഴി തുക അനുവദിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 5. എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങൾക്ക് ബി.പി.എൽ കാർഡും സൗജന്യ റേഷനും ലഭ്യമാക്കി വരുന്നുണ്ട്.<br>6. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിലുൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, മരണപ്പെട്ടവരുടെ ആശ്രിതർ എന്നിവർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ പ്രകാരം 5 ലക്ഷം രൂപ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇവർക്ക് 3 ലക്ഷം രൂപ വീതം (രണ്ടു ഗഡുക്കളായി) അനുവദിച്ചിട്ടുണ്ട്. ശാരീരിക വൈകല്യമുള്ളവർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത 3 ലക്ഷം രൂപ ധനസഹായത്തിൽ 2 ലക്ഷം രൂപ (രണ്ട് ഗഡുക്കളായി) വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടില്ലെങ്കിലും ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കാൻസർ രോഗികൾക്കും സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച 3 ലക്ഷം രൂപ ധനസഹായത്തിൽ 2 ലക്ഷം രൂപ 2 ഗഡുക്കളായി വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ട്.<br><br>കൂടാതെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ ശുപാർശ പ്രകാരം അനുവദിച്ച 5 ലക്ഷം രൂപയുടെ ധനസഹായത്തിൽ നിന്നും ഒന്നാം ഗഡു 610 പേർക്കും രണ്ടാം ഗഡു 600 പേർക്കും വിതരണം ചെയ്തിട്ടുണ്ട്.(3 ലക്ഷം രൂപ) |
| (ബി) | ദുരിതബാധിതരെ ചികിത്സിക്കുന്നതിനായി പ്രത്യേക ആശുപത്രി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ദുരിതബാധിതരെ ചികിത്സിക്കുന്നതിനായി പ്രത്യേക ആശുപത്രി തുടങ്ങിയിട്ടില്ലെങ്കിലും നിലവിലുള്ള ആശുപത്രികളിൽ ദുരിതബാധിതർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനു വേണ്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 24.03.2012-ലെ ജി.ഒ (എം.എസ്) നം. 98/12/ആകുവ നമ്പർ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

Manjith

സെക്ഷൻ ഓഫീസർ